## ഹദീസ്

പി.എ സൈനുദ്ദീൻ

# ശക്തനായ വിശ്വാസി

وَعَنْ أَبِي هُرَيْرَةَ رضى الله عنه قَالَ: قَالَ رَسُولُ ٱللَّهِ صلى الله عليه وسلم : ٱلْمُؤْمِنُ ٱلْقَوِيُّ خَيْرٌ وَأَحَبُّ إِلَى ٱللَّهِ مِنْ ٱلْمُؤْمِنِ ٱلضَّعِيفِ، وَفِي كُلٍّ خَيْرٌ، اِحْرِصْ عَلَى مَا يَنْفَعُكَ، وَٱسْتَعِنْ بِٱللَّهِ وَلَا تَعْجَزْ، وَإِنْ أَصَابَكَ شَيْءٌ فَلَا تَقُلْ: لَوْ أَنِّي فَعَلْتُ كَانَ كَذَا وَكَذَا، وَلَكِنْ قُلْ: قَدَّرَ ٱللَّهُ وَمَا شَاءَ فَعَلَ؛ فَإِنَّ لَوْ تَفْتَحُ عَمَلَ ٱلشَّيْطَانِ (رَوَاهُ مُسْلِمٌ).

**അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: നബി (സ) പറഞ്ഞു: ദുർബലനായ വിശ്വാസിയേക്കാൾ നല്ലവനും അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവനും ശക്തനായ വിശ്വാസിയാണ്. എല്ലാവരിലും നന്മയുണ്ട്. നിനക്ക് പ്രയോജനമുള്ള കാര്യം ചെയ്യാൻ നീ കൂടുതൽ താൽപര്യം കാണിക്കുക. അതിന് അല്ലാഹുവിനോട് നീ സഹായമർഥിക്കുകയും ചെയ്യുക. നീ ദുർബലനാകരുത്. നിനക്കെന്തെങ്കിലും ദോഷം ബാധിച്ചാൽ നടന്ന കാര്യവുമായി ബന്ധപ്പെടുത്തി ഞാൻ ഇതുപോലെ ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് പറയുന്നതിനു പകരം പക്ഷേ അല്ലാഹു വിധിച്ചത് സംഭവിച്ചു എന്ന് പറയുക. തീർച്ചയായും എങ്കിൽ എന്ന വാക്യം പിശാചിന്റെ ഇടപെടലിന് അവസരമുണ്ടാക്കിക്കൊടുക്കുന്നു (മുസ്‌ലിം).**

വിശ്വാസിയെ എന്നും പ്രതീക്ഷാനിർഭരമായ ജീവിതത്തിലേക്ക് നയിക്കുന്ന ഈ നബിവചനം ഏറെ ആശയതലങ്ങൾ ഉൾക്കൊള്ളുന്നു. വിശ്വാസിക്ക് സ്വാഭാവിക നിലയിൽ നൽകപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളോടോപ്പം സ്വപ്രയത്നം കൊണ്ട് ആർജിച്ചെടുക്കുന്ന ഭൗതികവും മാനസികവും ആത്മീയവുമായ കരുത്തിലൂടെ ദൈവപ്രീതി വർധിക്കുന്നതായി നബി (സ) അറിയിക്കുന്നു. ആ യോഗ്യത നേടുന്നതിനായി പിശാചിന്റെ മാർഗം പൂർണമായും തിരസ്കരിച്ചു വേണം ജീവിക്കാൻ.

മുസ്‌ലിം എന്ന നിലക്ക് ജീവിതവുമായി ബന്ധപ്പെട്ട് അവൻ സ്വീകരിക്കുന്ന ശുചിത്വ ബോധം, ഭക്ഷണ കാര്യങ്ങളിലെ കൃത്യനിഷ്ഠ, സമീകൃത സ്വഭാവം, വിശ്രമവും വ്യായാമവും ഉൾക്കൊള്ളുന്ന ജീവിതശൈലി, സർവോപരി മാനസികമായ സ്വസ്ഥത തുടങ്ങിയവയിലൂടെ ബാഹ്യവും ആന്തരികവുമായ ശക്തി നേടുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ അവ സ്വന്തത്തിനും സമൂഹത്തിനും ദീനിനും അഭിവൃദ്ധിയുണ്ടാക്കുംവിധം ദൈവകൽപനക്കനുസൃതമായിത്തീർന്നില്ലെങ്കിൽ അത്തരം ശേഷികൊണ്ട് ഒരു പ്രയോജനവുമില്ല. ആരോഗ്യസംരക്ഷണം അമാനത്താണ്, അതിൽ അവഗണന കാണിക്കുന്നത് കുറ്റകരവും. ശാരീരികമായി, ആരോഗ്യപരമായി ദുർബലരായിത്തീർന്നാൽ പല പ്രയാസങ്ങളുമുണ്ടാകും. ബുദ്ധിശക്തി വളരുന്നതിൽപോലും ശാരീരിക ക്ഷമതക്ക് പങ്കുണ്ടെന്ന ഗ്രീക്ക് തത്ത്വം അറബികൾക്കിടയിൽ സുവിദിതമായിരുന്നു.

നാമമാത്ര വിശ്വാസത്തിനു പകരം കെട്ടുറപ്പുള്ള ഈമാൻ മുസ്‌ലിമിന്റെ ജീവിതത്തിൽ പ്രാഥമികമായുണ്ടാകേണ്ട ഗുണവിശേഷമാണ്. നന്മതിന്മകളോടുള്ള ആഭിമുഖ്യത്തിനനുസരിച്ചാണ് വ്യക്തികളിൽ ഈമാൻ കൂടിയും കുറഞ്ഞുമിരിക്കുന്നത്. അചഞ്ചലമായ വിശ്വാസം കർമരംഗത്തെ ജീവസ്സുറ്റതാക്കുന്നു. അത്തരക്കാരെ കീഴടക്കാൻ പിശാചിന് എളുപ്പം കഴിയില്ല. അല്ലാഹുവിനെയും അവന്റെ പുണ്യപ്രവാചകനെയും മറ്റെന്തിനേക്കാളും ഇഷ്ടപ്പെടുന്നതും അവൻ നിരോധിച്ച കാര്യങ്ങളിൽനിന്ന് അകന്നുനിന്ന് നന്മകൾ ചെയ്യുന്നത് വർധിപ്പിച്ച് ദൈവമാർഗത്തിൽ സ്വന്തത്തെയും സ്വസമ്പാദ്യത്തെയും സമർപ്പിക്കുന്നതും കൂടിയ ഈമാനിന്റെ തെളിവാണ്. നബിയുടെ അനുചരന്മാരായ മാഇസും ഗാമിദിയ്യ വനിതയും മറ്റുള്ളവരറിയാതെ രഹസ്യമാക്കിവെച്ചിരുന്ന അനാശാസ്യവുമായി ബന്ധപ്പെട്ട രഹസ്യം സ്വമനസ്സാലെ സമ്മതിച്ച് ജീവൻ പോലും അപകടപ്പെടുത്തി ശിക്ഷിക്കപ്പെടാനായി തയാറായത് വിശ്വാസത്തിന്റെ ശക്തികൊണ്ട് മാത്രമാണ്. വിശ്വാസികളെ വിളിച്ച് വീണ്ടും അല്ലാഹു വിശ്വസിക്കാൻ പറഞ്ഞതിന്റെ (യാ അയ്യുഹല്ലദീന ആമനൂ ആമിനൂ) പൊരുൾ വിശ്വാസത്തിൽ ദൃഢത കൈവരിച്ചുകൊണ്ടേയിരിക്കണം എന്നാണ്.

വിശ്വാസം ശക്തമാകുമ്പോൾ മറ്റൊരു നേട്ടം കൂടി വിശ്വാസിയെ തേടിയെത്തുന്നു. താനുൾക്കൊണ്ട ആദർശം പ്രയോഗവത്കരിക്കാനും അതിന്റെ നിലനിൽപ്പിനും വളർച്ചക്കും വേണ്ടി പരിശ്രമിക്കാനും ആ മാർഗത്തിലുണ്ടാകുന്ന പ്രതിബന്ധങ്ങളെ പ്രതിരോധിക്കുന്നതിൽ ഒന്നാം നിരയിൽ നിൽക്കാനും കരുത്ത് പകരുന്ന ഒരു മനസ്സുണ്ടായിവരും എന്നതാണത്. ദീനിന്റെ കാര്യത്തിൽ അല്ലാഹുവിനും റസൂലിനുമല്ലാതെ ആർക്കും വഴങ്ങാത്ത നിലപാട് സ്വീകരിക്കുകവഴി പ്രവാചകന്മാരുടെ മനോദാർഢ്യം മാതൃകയായി സ്വീകരിക്കുകയാണ് ആ വിശ്വാസി ചെയ്യുന്നത്. ഗുഹാവാസികളായ യുവാക്കളുടേത് അവരുടെ മനോദാർഢ്യത്തിന്റെ വിജയമായിരുന്നു. ദുർബല മനസ്സുക

ളെ ഏവർക്കും സ്വാധീനിക്കാൻ കഴിയുമെന്നതിനാൽ അവർ പിശാചിന്റെ സന്തതസഹചാരികളായിത്തീരുന്നു.

മുസ്‌ലിമിന്റെ ബൗദ്ധികവും ചിന്താപരവുമായ ശേഷി വ്യക്തിയെന്ന നിലക്ക് അവനെയും അവന്റെ കർമങ്ങളെയും ശക്തിപ്പെടുത്തുന്നു. വിഭവങ്ങൾ കൈയിലില്ലാത്തവന്റെ ആശയപ്രചാരണം ആയാസകരവും വെല്ലുവിളികൾ നിറഞ്ഞതുമാണ്. അനുഭവസമ്പത്തിനോടൊപ്പം പഠനപാരായണങ്ങൾ വർധിപ്പിക്കുന്നതിലൂടെയാണ് കാലത്തിനൊത്ത് സഞ്ചരിക്കാനുള്ള പ്രാപ്തി നേടുന്നത്. തന്റെ കൈയിലുള്ള ഉന്നത നിലവാരമുള്ള ചരക്ക് വിറ്റഴിക്കുന്നതെങ്ങനെയെന്ന് അറിയാത്തവൻ ദുർബലനായ കച്ചവടക്കാരനാണ്. 'നിങ്ങൾ അവർക്കെതിരിൽ കഴിയുന്നത്ര സന്നാഹങ്ങളൊരുക്കുക' എന്നത് സമരമുഖത്താണെങ്കിൽ അങ്ങനെയും, അതല്ലാത്ത കാലികവും നൂതനവുമായ വൈജ്ഞാനിക വിഭവശേഷി കൈവരിച്ചുകൊണ്ടാണെങ്കിൽ അങ്ങനെയും എന്ന സന്ദേശമാണ് നൽകുന്നത്. ആ നിലക്ക് മതപരവും ഭൗതികവുമായ വൈജ്ഞാനികസമ്പത്ത് ആർജിച്ച വിശ്വാസി പ്രശംസയർഹിക്കുന്നു.

ഇത് പറയുമ്പോൾ ശക്തരൊഴികെ മറ്റെല്ലാം പാഴ്ജന്മങ്ങളാണെന്നു നബി അർഥമാക്കുന്നില്ല. ഏതെങ്കിലും തരത്തിലുള്ള നന്മകൾ ഇല്ലാത്ത ഒരു മനുഷ്യനും ഇവിടെ ജനിക്കുന്നില്ല. കഴിവുകൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിൽ വരുത്തുന്ന പിഴവുകളാണ് അവർ അവഗണനയുടെ അഗണ്യകോടിയിലേക്ക് വലിച്ചെറിയപ്പെടാൻ കാരണമാകുന്നത്.

ഉപരിസൂചിത ശക്തിവിശേഷങ്ങൾ ഒരാളിൽ സമ്മേളിക്കുമ്പോൾ ദുൻയാവിലും ആഖിറത്തിലും സ്വന്തത്തിനും സമൂഹത്തിനും പ്രയോജനകരമായ കാര്യങ്ങൾ കൊണ്ടുവരാൻ ഒരു പ്രയാസവുമുണ്ടാകുന്നില്ല. ദൗർബല്യം പിടികൂടാനുള്ള സാഹചര്യമുണ്ടാകുന്നപക്ഷം ഉചിതമായ ചികിത്സ നടത്തി അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടേയിരിക്കണം. നാം കർമങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അതിന് സാക്ഷാത്കാരമുണ്ടാകുന്നത്, ഫലം ലഭിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ്. പ്രവർത്തനങ്ങളെ പ്രാർഥനകൊണ്ട് ബലപ്പെടുത്തണം എന്ന് പറയുന്നത് അതുകൊണ്ടാണ്. പ്രവർത്തിക്കാതെ പ്രാർഥിക്കുന്നത് അലസന്മാരാണെങ്കിൽ പ്രാർഥിക്കാതെ പ്രവർത്തിക്കുന്നവർ അഹംഭാവികളാണെന്നാണ് നബിവചനങ്ങളിലൂടെ വ്യക്തമാകുന്നത്.

ഈ നബിവചനം മർമപ്രധാനമായ മറ്റൊരു കാര്യം കൂടി വിശ്വാസികളെ പഠിപ്പിക്കുന്നുണ്ട്. മുസ്‌ലിം എന്നും ശുഭാപ്തി വിശ്വാസം വെച്ചുപുലർത്തുന്നവനാണ്. പരാജയങ്ങളെ അവൻ വിജയത്തിലേക്കുള്ള ചവിട്ടുപടിയാക്കുന്നു. കഴിഞ്ഞ ദുരന്തങ്ങൾ അവനെ വേട്ടയാടുകയില്ല. രണ്ടാം പ്രാവശ്യം അവനെ ഒരു മാളത്തിൽ നിന്ന് പാമ്പ് കടിക്കുകയുമില്ല. കഴിഞ്ഞ കാലങ്ങളിൽ എന്തെങ്കിലും അഹിതമായത് സംഭവിച്ചിട്ടുണ്ടെങ്കിൽ ദൈവവിധിയായിക്കണ്ട് അവൻ അതവഗണിക്കുന്നു. മനുഷ്യനെ ഭൂതകാലങ്ങളിൽ നടന്ന സംഭവങ്ങളിൽ തളച്ചിട്ട് അവന്റെ ക്രിയാത്മകതയെ നശിപ്പിക്കാൻ പിശാച് രംഗത്തുണ്ട്. പിശാചിന്റെ ദുർബോധനങ്ങളെ മറികടക്കാനുള്ള മനക്കരുത്തുണ്ടായാൽ ജീവിത വിജയം സുനിശ്ചിതം. ●